ആലപ്പുഴയും, കൊല്ലം–എറണാകുളം റെയിൽവേയും.

251. [5] ശ്രീ. ആർ. സുശീലൻ : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

വ്യവസായപ്രാധാന്യമുള്ളതും ഗതാഗതസൗകര്യസാദ്ധ്യതയുള്ളതുമായ ആലപ്പുഴ പട്ടണം കൊല്ലം-എറണാകുളം റെയിൽവെ ലൈനുമായി ബന്ധപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യുമോ?

ഉത്തരം.

ശുപാർശചെയ്തിട്ടുണ്ട്.

Anglo-Indian Educational Institutions

252 (6) SHRI A. A. D. LUIZ : Will the Chief Minister be pleased to State:

The exact amounts that have been paid to the Anglo-Indian Educational Institutions in this State during the year 1952, 1953, 1954 and 1955 ?

Answer

1952	Rs.	46,841	11	10
1953	Rs.	39,154	8	0
1954	Rs.	56,981	5	10
1955	Rs.	15,247	1	0

സാങ്കേതികവിദ്യാഭ്യാസം.

253. [8] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾ സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനു കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണ്;

(സി) ധനസഹായം സംബന്ധിച്ചുള്ള തീരുമാനം എടുക്കുന്നതിനും മറ്റും ഒരു വ്യവസായബോർഡ് പ്രവർത്തിക്കുന്നുണ്ടോ?

ഉത്തരം.

(എ) കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) താഴെ പറയുന്നവയാണ് കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ:—

1. ഇപ്പോൾ കൊടുത്തുവരുന്ന ഗ്രാൻറ് തുകകൾ വർദ്ധിപ്പിച്ച് ഒരു ടീച്ചർക്ക് ഏതുവിഷയം പഠിപ്പിച്ചാലും നാല്പതു രൂപ ഗ്രാൻറ് കൊടുക്കണം.

2. ഗ്രാൻറുകൊടുക്കേണ്ട സ്കൂളുകൾക്ക് കാണേണ്ടതായ യോഗ്യതകൾ ഇന്നതെല്ലാമാണെന്ന വ്യവസ്ഥചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly